I. ഇ.ബി. XV-കേരള നിയമസഭ/XVI-6

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജനുവരി 29, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിന്റെ അവതരണം

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2026-27 മുതൽ 2028-29 വരെയുള്ള മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റ്, മീഡിയം ടേം ഫിസ്കൽ പ്ലാൻ, 2026-27 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് എന്നിവ അടക്കമുള്ള സ്ട്രാറ്റജി സ്റ്റേറ്റ്മെന്റുകൾ, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റ്, കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ 2024-25 സാമ്പത്തിക വർഷത്തെ ഫിഡലിറ്റി സർട്ടിഫിക്കറ്റ്, ഏഴാം ധനകാര്യ കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട്, ആയതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ഏഴാമത് പൊതുവ്യയ പുനഃപരിശോധന കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ട് എന്നിവ മേശപ്പുറത്തുവച്ചു.

2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിച്ചു.

രാവിലെ 9.02-ന് ആരംഭിച്ച ബജറ്റ് പ്രസംഗം 11.52-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: കേരള നിയമസഭയുടെ 77-ാമത്തെ ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇന്ന് അവതരിപ്പിച്ചത്. ഡോ. ടി. എം. തോമസ് ഐസക്കിനും ഉമ്മൻ ചാണ്ടിക്കും ശേഷം കേരള നിയമസഭയിൽ അവതരിപ്പിച്ച ദൈർഘ്യമേറിയ നാലാമത്തെ ബജറ്റ് പ്രസംഗമാണിത്.

ബജറ്റ് പ്രസംഗത്തിന്റെ പകർപ്പുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബജറ്റ് പ്രസംഗത്തിന്റെ പകർപ്പ് 'കേരള ബജറ്റ് എന്ന ആപ്ലിക്കേഷനിലൂടെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ബജറ്റ് ഡോക്യുമെന്റ്സിന്റെ പകർപ്പുകൾ അംഗങ്ങൾക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിലും മന്ത്രിമാർക്ക് അവരവരുടെ ഓഫീസുകളിലും എത്തിക്കുന്നതാണ്.

(ബജറ്റ് പ്രസംഗത്തിന്റെ പകർപ്പുകൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.55-ന് പിരിഞ്ഞു.